**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1036** — **12-06-2024 - ൽ മറുപടിയ്ക്ക്**

**വെട്ടിയാർ ചീപ്പ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ വെട്ടിയാർ ചീപ്പ് നിർമ്മാണത്തിന് ബജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വെട്ടിയാർ ചീപ്പിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മൈനർ ഇറിഗേഷനും മെക്കാനിക്കൽ വിഭാഗവും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത നിർമ്മാണം ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് IDRB ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ 15/02/2024-ൽ യോഗം ചേരുകയും ചീപ്പിന്റെ രണ്ട് സൈഡുകളിലുമായി രണ്ട് പുതിയ കോൺക്രീറ്റ് പിയറുകൾ സ്ഥാപിക്കുവാനും അതിനു മുകളിൽ മെക്കാനിക്കൽ വിഭാഗത്തിന്റെ സ്ട്രക്ച്ചറുകൾ സ്ഥാപിക്കുവാനും തീരുമാനിക്കുകയുണ്ടായി. ടി പ്രവൃത്തിയുടെ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്ന പ്രവൃത്തി ടെണ്ടർ ചെയ്യുകയും ആയതിന്റെ എഗ്രിമെന്റ് വെയ്ക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നതുമാണ്. സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമായാലുടൻ design ലഭ്യമാക്കുന്നതിലേയ്ക്കായി IDRB-യ്ക്ക് Investigation Report സമർപ്പിക്കുന്നതാണ്. അതിനുശേഷം IDRB യുടെ Approved general drawing ലഭ്യമായാലുടൻ മെക്കാനിക്കൽ വിഭാഗത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് PRICE-3 യിൽ തയ്യാറാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ